(സി) കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ കീഴിൽ പുതിയ ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശമില്ല.

(ഡി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

പുറക്കാട് ഐ.ടി. പാർക്ക്

194 (8030) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ പുറക്കാട് കേന്ദ്രമാക്കി, പുറക്കാട് വില്ലേജിലെ ഗാന്ധിസ്മൃതി വനത്തിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് ഐ.ടി. പാർക്ക് തുടങ്ങുന്നതിനുള്ള തടസ്സം എന്താണ് ;

(ബി) ബയോഡൈവേഴ്സിറ്റി ബോർഡ് ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ച് പുറക്കാട് ഐ.ടി. പാർക്ക് സ്മൃതിവനത്തിൽ ലഭ്യമായ സ്ഥലത്തുതന്നെ തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് ഐ.ടി. പാർക്ക് തുടങ്ങുന്നതിനായി വിവര സാങ്കേതിക വിദ്യ വകുപ്പിന് കൈമാറി ലഭിച്ച ഗാന്ധിസ്മൃതിവനം പദ്ധതിയിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് ഐ.ടി. പാർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. എന്നാൽ ബയോഡൈവേഴ്സിറ്റി ബോർഡ് എതിർപ്പ് പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ചതുപ്പ് നിലമായതിനാൽ പുതുതായി നിലവിൽ വന്ന തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പ്രസ്തുത പദ്ധതി തുടരുന്നത് നിയമവിധേയമല്ല എന്നതിനാലും ഈ പദ്ധതി ഉപേക്ഷിക്കുകയുണ്ടായി.

അട്ടപ്പാടി കിടപ്പാടം പദ്ധതിയിലെ സാമ്പത്തിക ക്രമക്കേട്

195 (8031) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് പ്രഖ്യാപിച്ച പല പദ്ധതികളുടെയും ആനുകൂല്യങ്ങൾ ആദിവാസികൾക്ക് നൽകിയതായി രേഖയുണ്ടാക്കി വൻവെട്ടിപ്പ് നടത്തുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly